**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2643** **13-02-2024 - ൽ മറുപടിയ്ക്ക്**

**അബ്കാരി ആംനെസ്റ്റി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അബ്കാരി കുടിശിക തീർപ്പാക്കാനായി 2023-24-ൽ പ്രഖ്യാപിച്ച ആംനെസ്റ്റി പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | അബ്കാരി കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി നടപ്പിലാക്കിയ ആംനെസ്റ്റി പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. 1949-50 മുതൽ 31.03.1996 വരെയുള്ള കുടിശ്ശികയുടെ മുതൽ തുകയുടെ 75% അടയ്ക്കുകയാണെങ്കിൽ മുഴുവൻ പലിശയും, പിഴപലിശയും, മുതലിന്റെ 25 ശതമാനവും ഒഴിവാക്കുന്നതാണ്.<br><br>2. 1996-97 നും 2000-01- നും ഇടയിലുള്ള കുടിശ്ശികയ്ക്ക് മുതലിന്റെ 90% അടയ്ക്കുകയാണെങ്കിൽ പലിശയും, പിഴപലിശയും, മുതലിന്റെ 10 ശതമാനവും ഒഴിവാക്കുന്നതാണ്.<br><br>3. 2001-02 നും 2011-12 നും ഇടയിലുള്ള കുടിശ്ശികയ്ക്ക് മുതൽ തുകയുടെ 100% അടയ്ക്കുകയാണെങ്കിൽ പലിശയും, പിഴപലിശയും ഒഴിവാക്കുന്നതാണ്.<br><br>4. ഡിസ്റ്റിലറികൾ, ബ്ലെന്റിംഗ് യൂണിറ്റുകൾ, ഫാർമസ്യൂട്ടിക്കലുകൾ, KSBC എന്നിവിടങ്ങളിലെ കോസ്റ്റ് ഓഫ് എസ്റ്റാബ്ലിഷ്മെന്റ് ഇനത്തിൽ ലഭിക്കുവാനുള്ള കുടിശ്ശികകൾ ആംനെസ്റ്റി സ്കീമിൽ ഉൾപ്പെടുന്നതല്ല.<br><br>5.ആംനെസ്റ്റി പദ്ധതി പ്രയോജനപ്പെടുത്താത്ത കുടിശ്ശികക്കാർക്കെതിരെ നിയമ നടപടികൾ തുടരുന്നതാണ്.<br><br>6.ആംനെസ്റ്റി പദ്ധതി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നവർ ഭാവിയിൽ ടി പദ്ധതിയുമായി ബന്ധപ്പെട്ട് കോടതികളിൽ കേസുകൾ ഒന്നും നല്കുകയില്ല എന്ന് 500/- രൂപ മുദ്ര പത്രത്തിൽ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്. കൂടാതെ |

| | | | |
|---|---|---|---|
| | | | നിലവിൽ അബ്കാരി കടിശ്ശിക സംബന്ധിച്ചുള്ള എല്ലാ കേസുകളും പിൻവലിക്കുകയും വേണം.<br><br>7.ആംനെസ്റ്റി പദ്ധതിയിൽ അപേക്ഷ സമർപ്പിക്കേണ്ടിയിരുന്ന അവസാന തീയതി 31.01.2024 ആയിരുന്നു. അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം ഈടാക്കേണ്ട തുക കണക്കാക്കേണ്ടതും ടി തുകയുടെ 25% , മുപ്പത് ദിവസത്തിനകം ഒടുക്കേണ്ടതുമാണ്. അവശേഷിക്കുന്ന തുക പരമാവധി 3 തവണകളായി 30.06.2024 നു മുൻപായി അടച്ചു തീർക്കേണ്ടതാണ്. |
| (ബി) | അബ്കാരി കടിശികയിനത്തിൽ ഈ സാമ്പത്തിക വർഷം എത്ര രൂപ പിരിഞ്ഞുകിട്ടി;വ്യക്തമാക്കാമോ? | (ബി) | 31.01.2024 വരെ അബ്കാരി കുടിശികയിനത്തിൽ 1,62,11,622/- രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ